**19/12/2023 തീയതി രാവിലെ 11.00 മണിയ്ക്ക് എറണാകുളം ജില്ലാ, തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി യോഗത്തിന്റെ മിനിറ്റ്സ്**

യോഗത്തിൽ ഹാജരായ അംഗങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. കെ. ജെ. ജോയ്, ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
2. ശ്രീ. എ. വി. ഷാജി, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം (കൺവീനർ).
3. ശ്രീമതി മിറ്റ്സി തോമസ്, സീനിയർ ടൌൺ പ്ലാനർ – (മെമ്പർ)
4. ശ്രീമതി ബിന്ദു വേലായുധൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, എറണാകുളം. - (മെമ്പർ)

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ അഭാവത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. കെ. ജെ. ജോയ്-യുടെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ചേമ്പറിൽ വച്ച് **രാവിലെ 11.00 മണിയ്ക്ക്** യോഗം ആരംഭിച്ചു.

**അജണ്ട 1 :-** കൊച്ചിൻ കോർപ്പറേഷൻ പള്ളുരുത്തി തങ്ങൾ നഗർ ചോയ്സ് റോഡിൽ തെക്കേ വീട് ലെനിൽ പണി പൂർത്തീകരിച്ച വീടിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച് കൊച്ചി കൊച്ചങ്ങാടി പുതിയ വീട്ടിൽ അബ്ദുൾ ഖാദർ സമർപ്പിച്ച പരാതി.

മേൽ പരാതി സംബന്ധിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോട് വിശദാംശങ്ങൾ ചോദിക്കുകയും ആയതിന് പള്ളുരുത്തി സോൺ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 15/12/2023 ലെ ISO/SYP1/281/12/2022 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്. ആയത് ചുവടെ ചേർക്കുന്നു.

**ചോദ്യം 1** - പരാതിയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ടോ? നൽകിയിട്ടുണ്ടെങ്കിൽ പെർമിറ്റ് നമ്പർ, തീയതി, ഡിവിഷൻ നമ്പർ എന്നിവ നൽകുക.
**മറുപടി** - പരാതിയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടില്ലാത്തതാണ്.

**ചോദ്യം 2** - ടി കെട്ടിടത്തിന് നമ്പർ നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ നമ്പർ നൽകിയിട്ടുണ്ടോ ? നമ്പർ നൽകിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുക
**മറുപടി** - റെഗുലറൈസേഷനു വേണ്ടി 20/10/2022 തീയതിയിൽ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടില്ല. സ്ഥലപരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ടി കെട്ടിടത്തിന്റെ സൈറ്റ് പ്ലാനും, സ്ഥലവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. KMBR 2019 പ്രകാരമുള്ള സെറ്റ് ബാക്കുകൾ സൈറ്റിൽ ലഭ്യമല്ല. വസ്തുവിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നു. ഇടക്കൊച്ചി വില്ലേജിൽ സർവേ നം. 438/1/23/ ൽ പെട്ട ടി വസ്തു നിലം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**ചോദ്യം 3** - ടി കെട്ടിടത്തിന്റെ Rear, Front, sides എന്നീ setback കൾ നിയമാനുസൃതമാണോ? അളവുകൾ എത്രയെന്ന് രേഖപ്പെടുത്തുക.
**മറുപടി** - സെറ്റ് ബാക്കുകൾ നിയമാനുസൃതമല്ല. Front 1.73 M, 90 CM, Rear – അടുത്ത കെട്ടിടത്തോട് ചേർന്ന്,

Sides റോഡിനോട് ചേർന്ന്. 11 സെന്റ് സ്ഥലത്ത് 3 വീട്ടുകൾ ടിയാന്റെ പേരിൽ നിലവിലുണ്ട്. നാലാമത്തെ വീടാണ് മേൽ പരാമർശിച്ചിട്ടുള്ളത്.

**ചോദ്യം** 3 - മേൽ കെട്ടിടത്തിന്റെ നമ്പർ നൽകുന്നതിന് സമർപ്പിച്ച അപേക്ഷ നിരസിച്ച നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ നിയമലംഘനങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
**മറുപടി** - ടി കെട്ടിടത്തിന്റെ സൈറ്റ് പ്ലാനും സ്ഥലവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. KMBR 2019 പ്രകാരമുള്ള സെറ്റ് ബാക്ക് സൈറ്റിൽ ലഭ്യമല്ല. വസ്തുവിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നു. ഇടക്കൊച്ചി വില്ലേജിൽ സർവേ നം. 438/1/23/ ൽ പെട്ട ടി വസ്തു നിലം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്ലാനിൽ അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സൈറ്റ് പ്ലാനിൽ നോർത്ത് രേഖപ്പെടുത്തിയിട്ടില്ല. എന്നീ അപാകതകൾ 15 ദിവസത്തിനകം പരിഹരിക്കുന്നതിനും അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണെന്നും അപേക്ഷകന് 10/01/2023 തീയതിയിൽ അറിയിപ്പ് നൽകിയിട്ടുള്ളതാണ്. അപേക്ഷകൻ നാളിതുവരെ അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതാണ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പള്ളുരുത്തി സോൺ അസി.എക്സി.എഞ്ചിനീയറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ , KMBR 2019 പ്രകാരമുള്ള നിയമലംഘനങ്ങൾ നിലനിൽക്കുന്നതിനാൽ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല. മേൽ സാഹചര്യത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **10/01/2023** ലെ **ISO/SYP1/281/12/2022** നമ്പർ നോട്ടീസ് പ്രകാരമുള്ള അപാകതകൾ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിക്കുന്നതിന് അപേക്ഷകനെ അറിയിക്കുന്നതിനും, പരാതി തീർപ്പ് കൽപ്പിക്കുന്നതിനും തീരുമാനിച്ചു.

*യോഗ നടപടികൾ ഉച്ചയ്ക്ക് 12.00 മണിയ്ക്ക് അവസാനിച്ചു.*

**ചെയർമാൻ & ജോയിന്റ് ഡയറക്ടർ**
**സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി**
**തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം**

Signed by
Shaji A V
Date: 03-01-2024 11:41:37